തിരുവല്ല നഗരസഭ



അന്തിമ പദ്ധതി രേഖ

2026-27

തിരുവല്ല നഗരസഭ

പതിനാലാം പഞ്ചവത്സര പദ്ധതി

2022 - 2027

"നവകേരളത്തിന് ജനകീയാസൂത്രണം"

2026-2027
അന്തിമ പദ്ധതി രേഖ

ശ്രീമതി. ലേഖ. എസ്സ്

മുനിസിപ്പൽ ചെയർപേഴ്സൺ

ശ്രീ. വർഗീസ് .കെ.വി

വൈസ് ചെയർമാൻ

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ

വികസനകാര്യം

ശ്രീമതി. റീന മാത്യൂസ് ചാലക്കുഴി

ക്ഷേമകാര്യം

ശ്രീമതി. രമ്യ സന്തോഷ്

ആരോഗ്യം

ശ്രീമതി. സാറാമ്മ ഫ്രാൻസിസ്

പൊതുമരാമത്ത്

ശ്രീമതി. ശ്രീരഞ്ജിനി. എസ്സ്. പിള്ള

വിദ്യാഭ്യാസം

ശ്രീമതി. വിദ്യാ വിജയൻ

മുനിസിപ്പൽ സെക്രട്ടറി

ശ്രീ. ആർ.കെ. ദീപേഷ്

തിരുവല്ലാ മുനിസിപ്പൽ കൗൺസിൽ - 2025-2030

വാർഡ് നമ്പർ	വാർഡിന്റെ പേര്	പേര്	ഫോൺ നമ്പർ
1	മുത്തൂർ നോർത്ത്	സുരേഷ് കുമാർ	9747945521
2	ചുമത്ര	അഡ്വ : ആർ. മനു	9847864512
3	ആറ്റുചിറ	ലിൻഡ തോമസ് വഞ്ചിപ്പാലം	8304052161
4	കിഴക്കൻമുത്തൂർ	ആശാ സജീവ്	9847138174
5	വാരിക്കാട്	വിദ്യാ വിജയൻ	9544932621
6	അണ്ണവട്ടം	താജുദ്ദീൻ.കെ.എസ്സ്	9847483636, 9744178666
7	നാട്ടുകടവ്	സെലിൻ ഫിലിപ്പ്	9847044032
8	കോളജ് വാർഡ്	ലാലി ജോൺ ആൻഡ്രൂസ്	9744781940
9	ആമല്ലൂർ വെസ്റ്റ്	അഞ്ജു ബേബി	9526362241
10	ആമല്ലൂർ ഈസ്റ്റ്	വർഗീസ്.കെ.വി (തങ്കച്ചൻ കാഞ്ഞിരക്കാട്ട്)	9526415005
11	മീന്തലക്കര	ജയശ്രീ മുരിക്കനാട്ടിൽ	9539732442
12	മഞ്ഞാടി	സാറാമ്മ ഫ്രാൻസിസ്	9495591497
13	റെയിൽവേ സ്റ്റേഷൻ	റീന മാത്യൂസ് ചാലക്കുഴി	8606812956
14	പുഷ്പഗിരി	ജീന ആൻ ഫിലിപ്പ്	9961437047
15	തൈമല	ജ്യോതി.ആർ.വിജയ്	9446231869, 9496325469
16	കറ്റോട്	ജേക്കബ് ജോർജ് മനയ്ക്കൽ	9447802889
17	ഇരുവള്ളിപ്ര	അനീഷ് കുമാർ.എം.സി	9847081115
18	തോണ്ടറ	റെയ്ച്ചൽ ലെജു സഖറിയ	9447561295, 9447561295
19	തിരുമൂലപുരം ഈസ്റ്റ്	ബിഞ്ചു മേരി ജോസഫ്	9526656964
20	ആഞ്ഞിലിമൂട്	ഫിലിപ്പ് ജോർജ്ജ്	9496692360, 9400963648
21	തിരുമൂലപുരം വെസ്റ്റ്	ലേഖ .എസ്സ്	9745067131
22	ശ്രീരാമകൃഷ്ണാശ്രമം	സതീഷ് വിജയൻ (സിബി)	9847960686
23	കുളക്കാട്	ബിന്ദു ജേക്കബ്	9656229997
24	തുകലശ്ശേരി	മനോജ് അടിയവീട്ടിൽ	9495435717
25	മതിൽഭാഗം	മിനി പ്രസാദ് (മിനികുമാരി)	9497475668
26	കിഴക്കുംമുറി	ത്രിലോക്നാഥ്	7012392729
27	ശ്രീവല്ലഭ	രാധാകൃഷ്ണൻ വേണാട്ട്	9744043755
28	കാവുംഭാഗം	സുരേഷ് കാവുംഭാഗം	9497600003
29	ഉത്രമേൽ	ശ്രീലേഖ ശ്രീനിവാസ്	9947302166, 9744366695
30	അഴിയിടത്തുചിറ	പി.എസ്സ്. മനോഹരൻ	9961281430
31	മന്നംകരച്ചിറ	ശ്രീരഞ്ജിനി. എസ്സ്. പിള്ള	9496086722, 9446978672
32	അഞ്ചൽക്കുറ്റി	മിനു ജോബി	9495436657
33	എം.ജി.എം	രമ്യ സന്തോഷ്	9656578716
34	മേരിഗിരി	ഷീല വർഗീസ്	9526307487
35	ടൗൺ വാർഡ്	ദേവിക യശോധരൻ	9074275856
36	രാമൻചിറ	അഡ്വ : പ്രദീപ് മാമ്മൻ മാത്യു	9447455011
37	ജെ.പി.നഗർ	അനു ജോർജ്ജ്	9447121346, 9447028739
38	കോട്ടാലിൽ	ദിനു ഫിലിപ്പ്	9744644384, 9847094363
39	മുത്തൂർ	അഡ്വ. ജനു മാത്യു	9447093779

പൊതുവിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	–	തിരുവല്ല നഗരസഭ
നഗരസഭ രൂപീകരണം	–	10–08–1920
ഉൾപ്പെടുന്ന വില്ലേജ്	–	കാവുംഭാഗം, തിരുവല്ല, കുറ്റപ്പുഴ
താലൂക്ക്	–	തിരുവല്ല
ജില്ല	–	പത്തനംതിട്ട
പാർലമെന്റ് മണ്ഡലം	–	പത്തനംതിട്ട
എം. പി.	–	ശ്രീ. ആന്റോ ആന്റണി
അസംബ്ലി മണ്ഡലം	–	തിരുവല്ല
എം. എൽ. എ.	–	അഡ്വ. മാത്യു. ടി. തോമസ്
വിസ്തീർണ്ണം	–	27.5 ച. കിമീ
ജനസംഖ്യ	–	52883
പുരുഷന്മാർ	–	24817
സ്ത്രീകൾ	–	28066
പട്ടികജാതി സങ്കേതങ്ങൾ	–	37
പട്ടികജാതി ജനസംഖ്യ	–	4488
പുരുഷന്മാർ	–	2150
സ്ത്രീകൾ	–	2338
ആകെ വാർഡുകൾ	–	39
സ്ത്രീ സംവരണ വാർഡുകൾ	–	20
പട്ടികജാതി സംവരണ വാർഡുകൾ	–	3
പട്ടികജാതി സ്ത്രീ സംവരണം	–	2
അയൽക്കൂട്ടങ്ങൾ	–	220
സി. ഡി. എസ്.	–	2
എ. ഡി. എസ്.	–	39
അംഗൻവാടികൾ	–	54
സ്കൂളുകൾ	–	65

തിരുവല്ല നഗരസഭ

14-ാം പഞ്ചവത്സര പദ്ധതി – ജനകീയാസൂത്രണം - 2026-27

വർക്കിംഗ് ഗ്രൂപ്പുകൾ

പൊതുഭരണം - ധനകാര്യം (കണക്കുകൾ, രേഖകൾ തയ്യാറാക്കൽ - ജനസേവനം കാര്യക്ഷമമാക്കൽ)

ചെയർമാൻ	:	ശ്രീ. വർഗീസ്.കെ.വി
കൺവീനർ	:	മുനിസിപ്പൽ സെക്രട്ടറി
അംഗം	:	ശ്രീമതി. അനു ജോർജ്ജ്

കൃഷി അനുബന്ധ മേഖലകളും

ചെയർപേഴ്സൺ	:	ശ്രീമതി. ബിന്ദു ജേക്കബ്
കൺവീനർ	:	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ.
അംഗം	:	ശ്രീമതി. ദേവിക യശോധരൻ .

മത്സ്യ ബന്ധനം

ചെയർപേഴ്സൺ	:	ശ്രീമതി. ജീന ആൻ ഫിലിപ്പ്
കൺവീനർ	:	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ.
അംഗം	:	ശ്രീ. ഫിലിപ്പ് ജോർജ്ജ് .

മൃഗ സംരക്ഷണവും ക്ഷീര വികസനവും

ചെയർപേഴ്സൺ	:	ശ്രീമതി. സെലിൻ ഫിലിപ്പ്
കൺവീനർ	:	സീനിയർ വെറ്റിനറി സർജ്ജൻ
അംഗം	:	ശ്രീമതി. റീന മാത്യൂസ് ചാലക്കുഴി.

ചെറുകിട വ്യവസായം

ചെയർമാൻ	:	അഡ്വ : ആർ. മനു
കൺവീനർ	:	വ്യവസായ വികസന ഓഫീസർ
അംഗം	:	ശ്രീ. സതീഷ് വിജയൻ

ദാരിദ്ര്യ ലഘൂകരണം

ചെയർമാൻ	:	ശ്രീമതി. ബിഞ്ചു മേരി ജോസഫ്
കൺവീനർ	:	ഹെൽത്ത് സൂപ്പർവൈസർ, തിരുവല്ല നഗരസഭ
അംഗം	:	ശ്രീ. ജേക്കബ് ജോർജ് മനയ്ക്കൽ

സാമൂഹ്യനീതി

ചെയർമാൻ	:	ശ്രീമതി. ദിനു ഫിലിഷ്
കൺവീനർ	:	ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ, തിരുവല്ല നഗരസഭ
അംഗം	:	അഡ്വ. ജനു മാത്യു

വനിത വികസനം

ചെയർമാൻ	:	ശ്രീമതി. അഞ്ജു ബേബി
കൺവീനർ	:	ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ, തിരുവല്ല നഗരസഭ
അംഗം	:	ശ്രീമതി. ഷീല വർഗ്ഗീസ്

പട്ടികജാതി വികസനം

ചെയർമാൻ	:	ശ്രീമതി. വിദ്യാ വിജയൻ (കൗൺസിലർ)
കൺവീനർ	:	പട്ടികജാതി വികസന ഓഫീസർ
അംഗം	:	ശ്രീമതി. ശ്രീലേഖ ശ്രീനിവാസ്

ആരോഗ്യം

ചെയർപേഴ്സൺ	:	ശ്രീമതി. സാറാമ്മ ഫ്രാൻസിസ്
കൺവീനർ	:	സൂപ്രണ്ട്, താലൂക്ക് ആശുപത്രി.
അംഗം	:	അഡ്വ : പ്രദീപ് മാമ്മൻ മാത്യു

ശുചിത്വം, മാലിന്യ സംസ്ക്കരണം

ചെയർപേഴ്സൺ	:	ശ്രീ. അനീഷ് കുമാർ.എം.സി
കൺവീനർ	:	ഹെൽത്ത് സൂപ്പർവൈസർ, തിരുവല്ല നഗരസഭ.
അംഗം	:	ശ്രീമതി. മിനു ജോബി

വിദ്യാഭ്യാസം-കല-സംസ്ക്കാരം-കായിക വികസനം-യുവജന ക്ഷേമം

ചെയർപേഴ്സൺ	:	ശ്രീമതി. മിനി പ്രസാദ്
കൺവീനർ	:	H.M, Gov: G.H.S, തിരുവല്ല
അംഗം	:	ശ്രീമതി. രമ്യ സന്തോഷ്
	:	ശ്രീമതി. ലാലി ജോൺ ആൻഡ്രൂസ്

പാർപ്പിടം

ചെയർമാൻ	:	ശ്രീ. പി.എസ്സ്. മനോഹരൻ
കൺവീനർ	:	ഹെൽത്ത് സൂപ്പർവൈസർ, തിരുവല്ല നഗരസഭ.
അംഗം	:	ശ്രീമതി. ആശാ സജീവ്
	:	ശ്രീ. രാധാകൃഷ്ണൻ വേണാട്ട്

കുടിവെള്ളം - ജലവിതരണം

ചെയർമാൻ	:	ശ്രീ. സുരേഷ് കാവുംഭാഗം
കൺവീനർ	:	അസി. എഞ്ചിനീയർ, തിരുവല്ല നഗരസഭ
അംഗം	:	ശ്രീമതി. റെയ്ച്ചൽ ലെജു സഖറിയ

പൊതുമരാമത്ത് (ഊർജ്ജം - വൈദ്യുതി ഉൾപ്പെടെ)

ചെയർമാൻ	:	ശ്രീ. താജുദ്ദീൻ.കെ.എസ്സ്
കൺവീനർ	:	അസി. എഞ്ചിനീയർ, തിരുവല്ല നഗരസഭ
അംഗം	:	ശ്രീ. സുരേഷ് കുമാർ
	:	ശ്രീമതി. ജയശ്രീ മുരിക്കനാട്ടിൽ

നഗരാസൂത്രണം

ചെയർമാൻ	:	ശ്രീമതി. ജ്യോതി.ആർ.വിജയ്
കൺവീനർ	:	അസി എക്സി.എഞ്ചിനീയർ, തിരുവല്ല നഗരസഭ
അംഗം	:	ശ്രീ. ത്രിലോക്നാഥ്
	:	ശ്രീമതി. ലിൻഡ തോമസ് വഞ്ചിപ്പാലം

ദുരന്ത നിവാരണം, ജൈവ വൈവിധ്യം

ചെയർമാൻ	:	മുനിസിപ്പൽ ചെയർപേഴ്സൺ
കൺവീനർ	:	മുനിസിപ്പൽ സെക്രട്ടറി
അംഗം	:	ശ്രീ. മനോജ് അടിയവീട്ടിൽ
	:	ശ്രീമതി. ശ്രീരഞ്ജിനി. എസ്സ്. പിള്ള

അതിരുകൾ

വടക്ക്	:	പായിപ്പാട് പഞ്ചായത്ത്
പടിഞ്ഞാറ്	:	പെരിങ്ങര & നെടുമ്പ്രം പഞ്ചായത്ത്
തെക്ക്	:	കുറ്റൂർ പഞ്ചായത്ത്
കിഴക്ക്	:	കവിയൂർ പഞ്ചായത്ത്

തിരുവല്ല നഗരസഭ



ലേഖ. എസ്

ബഹു. ചെയർപേഴ്സൺ

ഫോൺ: ഓഫീസ് : 2602486, 2701315
റസിഡൻസ് : 9745067131

തിരുവല്ല നഗരസഭ



വർഗ്ഗീസ് കെ.വി.

ബഹു. വൈസ് ചെയർമാൻ

ഫോൺ: ഓഫീസ് : 2638206, 2701315
മൊബൈൽ : 9526415005

തിരുവല്ല നഗരസഭ



ദീപേഷ്. ആർ.കെ

ബഹു. മുനിസിപ്പൽ സെക്രട്ടറി

ഫോൺ: ഓഫീസ് : 2638206, 2701315
മൊബൈൽ : 7025896020

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം



നീന മാത്യൂസ് ചാലക്കുഴി

ക്ഷേമകാര്യം



രമ്യ സന്തോഷ്

ആരോഗ്യകാര്യം



സാറാമ്മ ഫ്രാൻസിസ്

പൊതുമരാമത്ത്



ശ്രീരഞ്ജിനി എസ്. പിള്ള

വിദ്യാഭ്യാസം



വിദ്യാവിജയൻ

കൗൺസിൽ അംഗങ്ങളും പ്രതിനിധീകരിക്കുന്ന വാർഡുകളും



വാർഡ് 1
സുരേഷ്കുമാർ



വാർഡ് 2
അഡ്വ. ആർ. മനു




വാർഡ് 3
ലിൻഡ തോമസ് വഞ്ചിപ്പാലം



വാർഡ് 4
ആശാ സജീവ്



വാർഡ് 5
വിദ്യാവിജയൻ



വാർഡ് 6
താജുദ്ദീൻ.കെ.എസ്സ്



വാർഡ് 7
സെലിൻ ഫിലിപ്പ്



വാർഡ് 8
ലാലി ജോൺ ആൻഡ്രൂസ്



വാർഡ് 9
അഞ്ജു ബേബി



വാർഡ് 10
വർഗീസ്. കെ.വി (തങ്കച്ചൻ കാഞ്ഞിരക്കാട്ട്)



വാർഡ് 11
ജയശ്രീ മുരിക്കനാട്ടിൽ



വാർഡ് 12
സാറാമ്മ ഫ്രാൻസിസ്



വാർഡ് 13
റീന മാത്യൂസ് ചാലക്കുഴി



വാർഡ് 14
ജീന ആൻ ഫിലിപ്പ്



വാർഡ് 15
ജ്യോതി ആർ.വിജയ്



വാർഡ് 16
ജേക്കബ് ജോർജ് മനയ്ക്കൽ



വാർഡ് 17
അനീഷ് കുമാർ.എം.സി



വാർഡ് 18
റെയ്ച്ചൽ ലെജു സഖറിയ



വാർഡ് 19
ബിഞ്ചു മേരി ജോസഫ്



വാർഡ് 20
ഫിലിപ്പ് ജോർജ്ജ്

കൗൺസിൽ അംഗങ്ങളും പ്രതിനിധീകരിക്കുന്ന വാർഡുകളും




വാർഡ് 21
ലേഖ .എസ്സ്



വാർഡ് 22
സതീഷ് വിജയൻ (സിബി)




വാർഡ് 23
ബിന്ദു ജേക്കബ്




വാർഡ് 24
മനോജ് അടിയവീട്ടിൽ



വാർഡ് 25
മിനി പ്രസാദ് (മിനികുമാരി)



വാർഡ് 26
ത്രിലോക്നാഥ്



വാർഡ് 27
രാധാകൃഷ്ണൻ വേണാട്ട്



വാർഡ് 28
സുരേഷ് കാവുംഭാഗം



വാർഡ് 29
ശ്രീലേഖ ശ്രീനിവാസ്



വാർഡ് 30
പി.എസ്സ്. മനോഹരൻ



വാർഡ് 31
ശ്രീരഞ്ജിനി. എസ്സ്. പിള്ള



വാർഡ് 32
മിനു ജോബി




വാർഡ് 33
രമ്യ സന്തോഷ്



വാർഡ് 34
ഷീല വർഗീസ്



വാർഡ് 35
ദേവിക യശോധരൻ



വാർഡ് 36
അഡ്വ. പ്രദീപ് മാമ്മൻ മാത്യു



വാർഡ് 37
അനു ജോർജ്ജ്



വാർഡ് 38
ദിനു ഫിലിപ്പ്



വാർഡ് 39
അഡ്വ. ജനു മാത്യു

വകുപ്പ് മേധാവികൾ



അനിൽ ഡി.ജെ.
അസി.എക്സി. എഞ്ചിനീയർ



രാജേഷ്കുമാർ.ജെ.
ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി



സുനിൽകുമാർ. പി
അസി.എഞ്ചിനീയർ



ബിനോയ് ബി.ജി.
ക്ലീൻ സിറ്റി മാനേജർ



മനോജ്കുമാർ. സി
അസി. സെക്രട്ടറി



പി.റ്റി. ദിപീഷ്
അസി. സെക്രട്ടറി



ആൻസി പി.പി
അസി. സെക്രട്ടറി



രാജീവ്. കെ
ജനന മരണ വിവാഹ
രജിസ്ട്രാർ



അനിൽകുമാർ. പി.റ്റി
അക്കൗണ്ടന്റ്

തിരുവല്ല നഗരസഭ

2026-2027 അന്തിമ പദ്ധതി രേഖ

ആമുഖം

അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും എന്ന ആശയം ഉൾക്കൊണ്ടു കൊണ്ടുള്ള ബൃഹത്തായ അനുഭവത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിലേക്ക് കടക്കുകയാണ്.

ഏതൊരു നഗരത്തിനും വെല്ലുവിളിയായി അവശേഷിക്കുന്ന മേഖലയാണ് മാലിന്യ സംസ്ക്കരണം. തിരുവല്ല നഗരസഭയിൽ ഉറവിട മലിന്യ സംസ്ക്കരണം വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ചില മേഖലകളിൽ രാത്രികാലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നത് ഇപ്പോഴും വെല്ലുവിളിയായി അവശേഷിക്കുന്നു. അതിനു പരിഹാരമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും മാലിന്യ നിക്ഷേപം തടയുന്നതിനും നഗരത്തിന്റെ പ്രധാന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതാണ്.

പാർപ്പിട മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ അസൂയാവഹമായ നേട്ടമാണ് നാം നടത്തിയത്. നഗരസഭയുടെയും മറ്റ് സർക്കാർ പദ്ധതികളിലൂടെയും കിടപ്പാടം ഇല്ലാത്ത നിരവധി പേർക്ക് ഭവനം നൽകുന്നതിന് നമുക്ക് സാധിച്ചു. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനരുദ്ധാരണം നടത്തുന്നതിന് എല്ലാ വർഷവും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി കാലയളവിൽ സമ്പൂർണ്ണ ഭൂരഹിത -ഭവനരഹിത നഗരസഭയായി തിരുവല്ലാ നഗരസഭയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

തിരുവല്ലയ്ക്ക് വിദ്യാഭ്യാസ കലാ-കായിക മേഖലയിൽ കേരളത്തിൽ എന്നല്ല ഇന്ത്യാ ചരിത്രത്തിൽ തന്നെ മികച്ച സ്ഥാനമാണുള്ളത്. വിദ്യാഭ്യാസത്തോടൊപ്പം കലാ കായിക പരിശീലനവും സ്കൂൾതലം മുതൽ കുട്ടികൾക്ക് ലഭിച്ചെങ്കിൽ മാത്രമേ കലാ-കായിക മേഖലയിൽ നമുക്ക് വിജയിക്കാൻ സാധിക്കൂ. നഗരസഭയുടെ അധീനതയിൽ ഉള്ള എല്ലാ ഗവൺമെന്റ് സ്കൂളുകളുടെയും വികസനത്തിന് ആവശ്യമായ പ്രവർത്തികൾ നഗരസഭയുടെ ഫണ്ടിൽ നിന്നും ചെയ്തുവരുന്നു. മുനിസിപ്പൽ സ്റ്റേഡിയം അധുനീക വൽക്കരിക്കുന്നതിന് ബ്രഹത് പദ്ധതിയാണ് നഗരസഭ ആവിഷ്ക്കരിച്ചിട്ടുള്ളത്. കേന്ദ്ര /സംസ്ഥാന സർക്കാർ സഹായത്തോടെ ഈ പദ്ധതിക്കാലത്ത് തന്നെ സ്റ്റേഡിയം നവീകരണം നടത്തുന്നതാണ്.

സ്ത്രീ സുരക്ഷയും ക്ഷേമത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി എന്നിവരുടെ മക്കൾക്കുള്ള പല പദ്ധതികളും നഗരസഭ ആവിഷക്കരിച്ചുവരുന്നു. മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണ്.

പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി ഓരോ വർഷവും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികാലയളവിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കും. നഗരസഭയ്ക്ക് പദ്ധതി വിഹിതമായി ലഭിക്കുന്ന പട്ടികജാതി വികസന ഫണ്ട് പൂർണ്ണമായും ഈ മേഖലയിൽ തന്നെയാണ് ചിലവഴിക്കുന്നത്.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ നഗരസഭ ആവിഷ്ക്കരിച്ചുവരുന്നു. രാമപുരം ഷോപ്പംഗ് കോംപ്ലക്സ് ആധുനീക രീതിയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചു. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, കല്യാണ മണ്ഡപം, ടൗൺഹാൾ, ബസ്റ്റാന്റ് എന്നിവ യുടെയെല്ലാം നിർമ്മാണം തുടങ്ങിയ ബ്രഹത് പദ്ധതികളും നടപ്പിലാക്കുന്നതാണ്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നഗരസഭ നാളിതുവരെ യാതൊരു കുറവും വരുത്തിയിട്ടില്ല. വൃദ്ധർക്കും, അംഗപരിമിതർക്കും ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നു. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ഉന്നമനത്തിനായി എല്ലാ വർഷവും സ്കോളർഷിപ്പുകൾ നൽകിവരുന്നു. അംഗൻവാടികൾ മുഖേനയും, അല്ലാതെയും നടത്തി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ, ക്ഷേമ പെൻഷനുകൾ എന്നിവ തുടർന്നും നടപ്പിലാക്കും.

വിദ്യാഭ്യാസപരമായും, സാംസ്കാരിക പരമായും മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ നഗരസഭയെ ജില്ലയിലെ എന്നല്ല കേരളത്തിലെ തന്നെ ഏറ്റവും മികച്ച നഗരസഭയായി മാറ്റുന്നതിനാണ് ഭരണ സമിതി ശ്രമിക്കുന്നത്. അതിനായി വികസനത്തിന്റെ ഒരുപാട് പടവുകൾ ചവുട്ടിക്കയറേണ്ടതായിട്ടുണ്ട്. സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയിൽ നമ്മുടെ നഗരസഭയും എല്ലാ തലത്തിലും മുൻപന്തിയിലാക്കുന്നതിന് ഒരേ മനസ്സോടെ നമുക്ക് പ്രവർത്തിക്കാം.

ജനകീയാസൂത്രണം 2026-27 വർഷത്തേക്ക് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് നിർദ്ദേശങ്ങൾ വാർഡ് സഭകളിൽ ചർച്ച ചെയ്തും, തുടർന്ന് വികസന സെമിനാറിലും ചർച്ച ചെയ്ത് അന്തിമ പദ്ധതി രേഖയ്ക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നാടിന്റെ വികസനത്തിൽ തൽപ്പരരായ ഏവരുടെയും പരിഗണനയ്ക്കും നിർദ്ദേശങ്ങൾക്കുമായി ഈ കരടു പദ്ധതിരേഖ സസ്നേഹം സമർപ്പിക്കുന്നു.

നഗരസഭയ്ക്കുവേണ്ടി

സ്നേഹപൂർവ്വം

ലേഖ .എസ്സ്
മുനിസിപ്പൽ ചെയർപേഴ്സൺ

ഉള്ളടക്കം

1. സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

2. വികസന സ്ഥിതി അവസ്ഥ

3. പതിനാലാം പഞ്ചവത്സര പദ്ധതി അവലോകനം

4. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

5. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ

6. പ്രോജക്ടുകളും വിശദാംശങ്ങളും

7. പ്രത്യേക ഘടക പദ്ധതികൾ

8. വായ്പ ബന്ധങ്ങൾ

9. സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

10. മോണിട്ടറിംഗ് സമിതികൾ

1. സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ വടക്ക് പായിപ്പാട്, പടിഞ്ഞാറ് പെരിങ്ങര, നെടുമ്പ്രം, തെക്ക് കുറ്റൂർ, കിഴക്ക് കവിയൂർ എന്നീ പഞ്ചായത്തുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന 27.51 ച.കി.മീ. വിസ്തൃതിയുള്ള ഭൂപ്രദേശമാണ് തിരുവല്ല മുനിസിപ്പൽ ടൗൺ.

തിരുവിതാംകൂർ രാജഭരണത്തിന്റെ കൊല്ലം ഡിവിഷനിൽപ്പെട്ട പ്രദേശമായിരുന്നു തിരുവല്ല. പുരാതനകാലത്ത് ശ്രീവല്ലഭപുരം എന്നറിയപ്പെട്ടിരുന്ന പേര് കാലാന്തരത്തിൽ തിരുവല്ലഭപുരം ആകുകയും, ക്രമേണ തിരുവല്ല ആയി എന്നു പറയപ്പെടുന്നു. സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ പാരമ്പര്യം തിരുവല്ലായ്ക്കുണ്ട്. ഈ പ്രദേശം പത്തില്ലത്തിൽ പോറ്റിമാരുടേയും മറ്റു ചില ഭൂവുടമകളുടേയും അധീനതയിൽപ്പെട്ട കാർഷിക മേഖലയായിരുന്നു.

അരനൂറ്റാണ്ട് മുമ്പുവരെയും ജന്മി, കുടിയാൻ ബന്ധം നിലനിന്നിരുന്നു. ജന്മിയുടെ കൃഷിഭൂമിയിൽ പണിചെയ്യുന്നതിന് കുടിയാന്മാർക്ക് വേതനമായി ധാന്യമാണ് നൽകിയിരുന്നത്. അളവുകളായി പറ, ചങ്ങഴി, നാഴി എന്നിവയും തൂക്കങ്ങളായി റാത്തൽ, തുലാം, മന്ന്, കണ്ടി എന്നിവയും നിലനിന്നിരുന്നു.

ഇവിടെ ഉല്പാദിപ്പിച്ചിരുന്ന കാർഷിക വിഭവങ്ങൾ രാമപുരം ചന്തയിൽ നിന്നും കച്ചവടക്കാർ വാങ്ങി ചന്തക്കടവിൽ നിന്നും ജലമാർഗ്ഗം ആലപ്പുഴ, കൊച്ചി തുടങ്ങിയ വ്യാപാരകേന്ദ്രങ്ങളിൽ എത്തിച്ചിരുന്നു. ചിങ്ങമാസത്തിലെ വിളവെടുപ്പുകാലം കർഷക ജനത അവരുടെ തനതു കലകളായ തുള്ളൽ, പരിചയമുട്ടുകളി എന്നിവയോടെ ഉത്സവമായി ആഘോഷിച്ചിരുന്നു. ജോലിയുടെ ആയാസമകറ്റാൻ വയലുകളിൽ ചക്രപ്പാട്ട്, ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, പൊലിപ്പാട്ട് എന്നിവ താളാത്മകമായി പാടുക പതിവായിരുന്നു.

മുത്തൂർ, മന്നംകരചിറ, ഏറങ്കാവ് എന്നിവിടങ്ങളിലൂടെയുള്ള വഴിയായിരുന്നു പ്രധാനവഴി തോടുകളിലൂടെ ജലഗതാഗതവും ഉണ്ടായിരുന്നു. അഞ്ചൽക്കുറ്റി മുതൽ ഏറങ്കാവുവരെയുള്ള ഭാഗം പ്രധാന തെരുവായിരുന്നു. ശ്രീവല്ലഭ ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ മണ്ഡപത്തും വാതിലെന്ന സ്ഥലത്ത് സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ എം. സി. റോഡ് നിലവിൽ വന്നതോടെ കേരളത്തിലെ പ്രധാന പട്ടണങ്ങൾ തമ്മിൽ റോഡുവഴി ബന്ധിക്കപ്പെട്ടതിനെ തുടർന്ന് നഗരം ആ പ്രദേശങ്ങളിലേക്ക് മാറുകയും നഗരത്തിന്റെ പ്രധാനഭാഗം എം. സി. റോഡിന് ഇരുവശങ്ങളിലേക്ക് മാറുകയും ചെയ്തു.

തിരുവല്ല മുനിസിപ്പൽ പ്രദേശത്ത് മുസ്ലീം ദേവാലയങ്ങൾ, നിരവധി ക്ഷേത്രങ്ങൾ, ക്രിസ്തീയ ആരാധനാലയങ്ങൾ എന്നിവ മതസൗഹാർദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. അനുഷ്ഠാനത്തിന്റെ ഭാഗമായിത്തന്നെ ദിവസവും കഥകളി നടത്തുന്ന അതിപുരാതന ക്ഷേത്രമാണ് ശ്രീവല്ലഭ ക്ഷേത്രം. വഴിപാടായും ഇവിടെ കഥകളി നടത്താറുണ്ട്. അതുകൊണ്ടു തന്നെ കഥകളി രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകാൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്. ശ്രീവല്ലഭക്ഷേത്രത്തിലെ ഉത്സവം വളരെ പ്രസിദ്ധമാണ്. പാലിയേക്കര പള്ളിയിലെ പെരുന്നാളും വളരെ പ്രസിദ്ധമാണ്. ഈ ചടങ്ങിൽ ജാതിമതവ്യത്യാസം കൂടാതെ എല്ലാവരും പങ്കെടുക്കുന്നുണ്ട്. പള്ളിയിലെ തൂക്കുവിളക്കിൽ എണ്ണ ഒഴിക്കാൻ വരുന്ന ഭക്തജനങ്ങളുടെ തിരക്ക് അസാധാരണമാണ്. വാസ്തുശില്പ സൗന്ദര്യം പ്രതിഫലിപ്പിക്കുന്ന ദേവാലയമാണ് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ. മാർത്തോമ്മാ സഭയുടെ ആസ്ഥാനം തിരുവല്ലയാണ്.

മദ്ധ്യതിരുവിതാംകൂറിലെ പ്രമുഖ സാംസ്ക്കാരിക കേന്ദ്രമാണ് തിരുവല്ല. അതുകൊണ്ടുതന്നെ ജാതി, മതം, തൊഴിൽ, കുലം എന്നിവയുടെ ഉച്ചനീചത്വങ്ങൾ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. ഇതിനു കാരണം, യൂറോപ്യൻ മിഷനറിമാരുടെ പ്രവർത്തനം, ശ്രീനാരായണ ഗുരുവിന്റെയും, അയ്യൻകാളിയുടേയും

സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ അധഃസ്ഥിതനു നേടികൊടുത്ത ആത്മവിശ്വാസം, യോഗക്ഷേമ സഭ യുടേയും നായർ സർവ്വീസ് സൊസൈറ്റിയുടേയും ആവിർഭാവം, സർവ്വോപരി സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ വളർന്നു വന്ന പുതിയ രാഷ്ട്രീയ സംസ്കാരത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ പുതിയ കൂട്ടായ്മ എന്നിവയാണ്.

ബഹുമാന്യരേ ആദരിക്കുന്നതിൽ ഈ പ്രദേശം എന്നും മുന്നിലായിരുന്നു. രാഷ്ട്രപിതാവായ ഗാന്ധിജിക്ക് തിരുവല്ല പൗരാവലി മുത്തൂർ ആൽത്തറയിൽ വച്ച് സ്വീകരണം നൽകുകയുണ്ടായി. ഭൂദാനപ്രസ്ഥാനവുമായി അഖിലേന്ത്യാ പര്യടനത്തിനിടയിൽ തിരുവല്ല സന്ദർശിച്ചപ്പോൾ വിനോബാഭാവെയ്ക്ക് തിരുവല്ലായിൽ വരവേല്പ് നൽകി ആദരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനിയും പ്രജാസഭയുടെ കാലംമുതൽക്കേ ജനപ്രതിനിധിയുമായിരുന്ന കെ. എം. മാത്യുവിന് താന്ത്യപത്രം നൽകി ആദരിക്കുകയുണ്ടായി. അധഃകൃത വിഭാഗത്തിൽപ്പെട്ട ശ്രീ. പി. ചാക്കോയെ ജനറൽ സീറ്റിൽ നിന്നും തിരുകൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുത്തയച്ച ചരിത്രം തിരുവല്ലായ്ക്കു മാത്രം അവകാശപ്പെട്ടതാണ്. കെ. ഇ. മാമ്മൻ, വി. പി. പി. നമ്പൂതിരി തുടങ്ങിയവർ സ്മരണീയരാണ്.

രാഷ്ട്രീയ രംഗത്ത് പുതിയ ആശയ പ്രചരണവുമായി എണ്ണക്കാട് കൊട്ടാരത്തിലെ ആർ രാജശേഖരൻ തമ്പിയും ആലപ്പുഴയിൽ നിന്നും വർഗീസ് വൈദ്യനും തിരുവല്ലായിലെത്തി ബോധവത്കരണത്തിലൂടെ പുതിയ ആശയത്തിനു വിത്തുപാകി. പുന്നപ്ര വയലാർ സമരത്തിലെ പിടികിട്ടാപുള്ളിയായിരുന്ന ശ്രീ.പി. കെ. ചന്ദ്രാനന്ദൻ ഒളിവുകാലത്ത് തിരുവല്ലായിൽ താമസിച്ചുകൊണ്ട് ആശയപ്രചരണം നടത്തിയിരുന്നു. അക്കാലത്ത് കോൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടിയിലൂടെ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിലെത്തിയ പി. ടി. പുന്നൂസ് ഒളിവിലിരുന്നുകൊണ്ടാണ് തിരുവല്ലായിൽ നിന്നും അസംബ്ലിയിലേക്ക് മത്സരിച്ചത്. ഇവരുടെ പ്രവർത്തനഫലമായി അടിസ്ഥാന ജനവിഭാഗങ്ങളിൽ അവകാശബോധം വളർത്തിയെടുക്കുന്നതിനും സമരപരിപാടികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കാർഷിക രംഗത്ത് തൊഴിൽസംബന്ധമായ സമയ ക്ലിപ്തതയും വേതന വർദ്ധനവിനുമുള്ള സമരങ്ങൾ വിജയപ്രദമാക്കിയിട്ടുണ്ട്. കർഷക തൊഴിലാളി യൂണിയന്റെ ഒന്നാം സംസ്ഥാന സമ്മേളനം കിഴക്കൻ മുത്തൂറിൽവെച്ചാണ് നടത്തപ്പെട്ടത്.

1910 ൽ ടൗൺ ഇംപ്രൂവ്മെന്റ് കമ്മറ്റിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ തിരുവല്ലാ പട്ടണ സമിതിയുടെ ആദ്യരൂപം. 1920 ൽ തിരുവല്ല നഗരസഭ രൂപീകരിക്കപ്പെട്ടു. ആദ്യ പ്രസിഡന്റ് ശ്രീ. എ. ആർ. സുബ്രമണ്യഅയ്യരും, വൈസ് പ്രസിഡന്റ് റാവു സാഹിബ് ജി. സഖറിയായുമായിരുന്നു. പന്ത്രണ്ട് ജനപ്രതിനിധികളായിരുന്നു ആകെ ഉണ്ടായിരുന്നത്. 14.46 ച. കി. മീ. വിസ്തൃതിയുണ്ടായിരുന്നു. ജനസംഖ്യ 27000. 1943 ൽ വാർഡുകളുടെ എണ്ണം 18 ആയി ഉയർത്തി. രണ്ട് നോമിനേറ്റഡ് അംഗങ്ങളടക്കം ജനപ്രതിനിധികളുടെ എണ്ണം 19 ആയി വർദ്ധിക്കപ്പെട്ടു. 1987 ആഗസ്റ്റ് 1 ന് കുറ്റപ്പുഴ പഞ്ചായത്തുകൂടെചി ചേർക്കപ്പെട്ടതോടെ വിസ്തൃതി 27.51 ച.കി.മീ. ആയി ഉയർത്തപ്പെട്ടു. അത് 2000 ൽ 33 ആയി മാറി ഇപ്പോൾ 39 വാർഡുകളായി.

വിദ്യാഭ്യാസരംഗത്ത് പ്രഥമ സ്ഥാനമാണ് തിരുവല്ലായ്ക്കുള്ളത്. തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് തിരുവല്ലാ സി. എം. എസ്. സ്കൂളിലാണ്. എസ്. സി. എസ് ഹയർസെക്കണ്ടറിസ്കൂൾ, എം.ജി.എം. ഹയർസെക്കണ്ടറി സ്കൂൾ, ഡി.ബി.എച്ച്. എസ്. എസ് മണിപ്പുഴ എന്നിവിടങ്ങളിൽ നിന്നും പ്രഗദ്ഭരായ നേതാക്കന്മാരെ സംഭാവന ചെയ്തിട്ടുണ്ട്. രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇ. ജോൺ ജേക്കബ്, ഗോവിന്ദൻ നായർ എന്നിവർ തിരുവല്ലായിൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരാണ്. മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, വിദ്വാൻ സി. കുര്യൻ എന്നിവർ ഇവിടുത്തെ സ്കൂളുകളിൽ അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചിരുന്നു. നിക്കോൾസൺ സിറിയൻ ഗേൾസ് ഹയർ സെക്കണണ്ടറി സ്കൂൾ സ്ഥാപിച്ച നിക്കോൾസൺ മദാമ്മയും, ബാലികാമഠം സ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന ബ്രൂക്ക് സ്മിത്ത് മദാമ്മയും വിദ്യാഭ്യാസ രംഗത്ത് സ്മരിക്കപ്പെടേണ്ട വ്യക്തികളാണ്. ഈ കാലഘട്ടത്തിൽ തന്നെ സി. എം. എസ്. രക്ഷാസൈന്യം പ്രൊട്ടസ്റ്റന്റ് വിദ്യാഗങ്ങൾ സ്കൂൾ സ്ഥാപിക്കുകയും അധഃസ്ഥിത ജനവിഭാഗങ്ങളെ മതപരിവർത്തനം ചെയ്തു പുനഃരധിവസിപ്പിക്കുകയും ചെയ്തിരുന്നു.

2. വികസന സ്ഥിതി അവസ്ഥ

പൊതുഭരണം ധനകാര്യ (കണക്കുകൾ രേഖകൾ തയ്യാറാക്കൽ)

നഗരസഭയുടെ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് ധനത്തിന്റെ ലഭ്യത വളരെ പ്രധാനമാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വർദ്ധിച്ച തോതിലുള്ള ധനസഹായം അനിവാര്യമാണ്. നഗരസഭയ്ക്ക് പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെയാണ് വരുമാനം ലഭിക്കുന്നത് നികുതി വരുമാനം, നികുതിയേതര വരുമാനം, സർക്കാർ ഗ്രാന്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതി വിഹിതം, വായ്പ എന്നിവയിലൂടെയാണ്.

നഗരസഭ രൂപീകരിക്കുന്നതിന് ശേഷമുള്ള ആദ്യ കാലഘട്ടത്തിൽ വലിയ പ്രവർത്തനങ്ങളോ, ഗ്രാന്റുകളോ, പദ്ധതികളോ ഇല്ലായിരുന്നുവെങ്കിലും ഭരണഘടനാ ഭേദഗതിക്ക് ശേഷം വികേന്ദ്രീകൃതാസൂത്രണത്തിലൂടെ വർദ്ധിച്ച തോതിൽ ഫണ്ടും, ചുമതലയും, നിർവ്വഹണ സ്വാതന്ത്ര്യവും നമുക്ക് ലഭിച്ചു. എന്നാൽ ഭരണ നിർവ്വഹണ ചെലവ് വർദ്ധിച്ചതും അതിനനുസൃതമായി വരവിൽ വർദ്ധനവ് ഉണ്ടാവാത്തതും എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളേയും ദാരിദ്രത്തിലേക്ക് എത്തിച്ചു. വിവിധ സർക്കാർ സ്കൂളുകൾ, താലൂക്ക് ആശുപത്രി, ആയൂർവ്വേദ, ഹോമിയോ ആശുപത്രി, മൃഗാശുപത്രി, പട്ടികജാതി വികസന ഓഫീസ്, കൃഷിഭവൻ തുടങ്ങിയുള്ള സർക്കാർ സ്ഥാപനങ്ങളെ നഗരസഭയ്ക്ക് കൈമാറി നഗരസഭയുടെ അധികാരം വർദ്ധിപ്പിച്ചു. ടി സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയവ നൽകേണ്ടതും , കൂടാതെ ശമ്പളവും, പെൻഷനും നൽകുന്നത് കൊണ്ടും നഗരസഭയുടെ തനത് വരുമാനം മറ്റ് പദ്ധതി വിഹിതങ്ങൾ എന്നിവ നഗരസഭയുടെ ദൈനംദിന കാര്യങ്ങൾക്ക് പോലും തികയാത്ത അവസ്ഥയിലാണ്. ശമ്പളവും പെൻഷനും സർക്കാർ ഏറ്റെടുക്കുന്നതോടുകൂടി ഇതിന് ശ്വാശത പരിഹാരം കാണാവുന്നതാണ്.

കൃഷി / മത്സ്യ ബന്ധനം അനുബന്ധ മേഖലകളും

നിത്യോപയോഗ സാധനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ട് പ്രത്യേകം ഭക്ഷ്യസുരക്ഷാ പദ്ധതികളും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കാർഷിക മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ മാത്രമേ ഒരു പുത്തൻ ഉണർവ് ഈ മേഖലയിൽ ഉണ്ടാകൂ. കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ പദ്ധതികൾ ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ ഈ വർഷം നെൽകൃഷി വികസനം, വാഴകൃഷി വികസനം, തെങ്ങുകൃഷി വികസനം, കുറ്റികുരുമുളക് തൈ, പച്ചക്കറി വിത്ത്/തൈ, മൺചട്ടി, സമഗ്ര പുരയിട കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മൃഗ സംരക്ഷണവും ക്ഷീര വികസനവും

മൃഗസംരക്ഷണ രംഗത്ത് ധാരാളം പ്രശ്നങ്ങൾ ഇന്ന് നിലനിൽക്കുന്നു. മേച്ചിൽപ്പുറങ്ങൾ അനുദിനം കുറഞ്ഞ് വരുന്നു. കാലിത്തീറ്റയുടെ വില അനുദിനം വർദ്ധിക്കുന്നത് ഈ രംഗത്തുള്ള കർഷകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. മൃഗചികിത്സാ രംഗത്ത് ദീർഘകാലമായി പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രി ധാരാളം നഗരവാസികൾ കാര്യസാധ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. മേൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ നഗരവാസികൾക്കായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തൊഴിലില്ലാത്തവർക്ക് ഒരു ഉപതൊഴിലിനും കൈത്താങ്ങ് കൊടുക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. മുൻവർഷങ്ങളിൽ മുട്ടക്കോഴി വിതരണം, കാലിത്തൊഴുത്ത് തറ നിർമ്മാണം, കന്നുകുട്ടി പരിപാലനം, പൊത്തുകുട്ടി വളർത്തർ എന്നീ പദ്ധതികൾ നമ്മൾ നടപ്പിലാക്കി. ഈ വർഷവും എല്ലാ ന്യൂനതകളും പരിഹരിച്ച് കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കു

ന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും.

ചെറുകിട വ്യവസായം

ചെറുകിട സൂക്ഷ്മ വ്യവസായ മേഖലകളിൽ ഗണ്യമായ വളർച്ച നേരിടുന്നതിനായി വ്യവസായ സംരംഭകർക്ക് സാങ്കേതികവും നടത്തിപ്പ് പരവുമായ പരിശീലനം നൽകേണ്ടതാണ്. നഗരസഭ പ്രദേശത്ത് ഒരു വ്യവസായം തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുക, വ്യവസായ രംഗത്തേയ്ക്ക് പുതിയ സംരംഭകർ കടന്നു വരുന്നതിനായി അവർക്ക് നഗരസഭാ തലത്തിൽ അവബോധം നൽകുക തുടങ്ങിയവ ഈ മേഖലയിലൂടെ നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

എല്ലാ വാർഷിക പദ്ധതിയിലും നിരവധി തൊഴിൽ പരിശീലന പരിപാടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഇത് വേണ്ടത്ര ഉപയോഗപ്പെടുത്തുന്നതിന് നഗരസഭാ പരിധിയിലുള്ള തൊഴിൽ രഹിതർ ശ്രമിച്ചിട്ടില്ലാ എന്നതാണ് സത്യം. മിക്ക പ്രോജക്ടുകളിലും ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ പൂർണ്ണമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. വ്യവസായ വികസന ഓഫീസുമായി ബന്ധപ്പെടുത്തി നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നഗരസഭ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. ഇത് വേണ്ടവിധം പൊതുജനങ്ങൾ ഉപയോഗപ്പെടുത്താത്തത് ഖേദകരം തന്നെയാണ്. തൊഴിൽ രഹിതർക്ക് ബോധവത്ക്കരണം നടത്തി എല്ലാവിധത്തിലുമുള്ള തൊഴിലിന്റെ മഹത്വം മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്.

ദാരിദ്ര്യ ലഘൂകരണം

ഇന്ത്യയിൽ ഇപ്പോഴും 40% ത്തോളം പേർ ദാരിദ്ര രേഖയ്ക്ക് താഴെയാണ്. ഈ അവസ്ഥ മാറുന്നതിനായി തൊഴിൽ സംരംഭങ്ങൾ വർദ്ധിച്ച തോതിൽ ഉണ്ടാവുന്നതോടൊപ്പം തൊഴിലിനോടുള്ള യുവതീയുവാക്കളുടെ മനോഭാവത്തിലും മാറ്റം വരണം. കുടുംബശ്രീയുടേയും മറ്റ് സഹായ സംഘങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്തണം. ആശ്രയ പദ്ധതിയ്ക്ക് കൂടുതൽ ഊന്നൽ നൽകണം. ദാരിദ്രനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വീട് നിർമ്മിക്കുന്നതിന് സ്ഥലവും വീടും സാനിട്ടറി കക്കൂസ്, കിണർ, വൈദ്യുതീകരണം എന്നിവ നൽകുവാൻ എല്ലാ വർഷവും നഗരസഭ പരമാവധി ശ്രമിക്കുന്നുണ്ട്. ഇതോടൊപ്പം തന്നെ തൊഴിൽ സംരംഭങ്ങൾ വർദ്ധിച്ച തോതിൽ ഉണ്ടാവണം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന തൊഴിൽ പരിശീലനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശ്രമിക്കണം. സർക്കാർ ജോലി മാത്രമാണ് മാനം കാക്കുന്നത് എന്നുള്ള മിഥ്യാ ധാരണ മാറ്റണം. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് മാത്രം ലഭിക്കുകയുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിന് ജനപ്രതിനിധികൂടെ ശക്തമായ നിലപാട് എടുക്കേണ്ടതുണ്ട്.

സാമൂഹ്യനീതി

നമുക്ക് ചുറ്റും കഷ്ടതകൾ അനുഭവിക്കുന്ന വിവിധ തരത്തിൽ ചൂഷണത്തിനും, പീഡനത്തിനും ഇരയാകുന്ന, പരാശ്രയം വേണ്ടി വരുന്ന, ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കുന്നതിന് നിവൃത്തിയില്ലാത്ത ആളുകളെ കാണാം. മേൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ജനങ്ങളുടെ ഉന്നമനം ലഭ്യമാക്കിയുള്ള വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ തിരുവല്ല നഗരസഭ നടപ്പിലാക്കി വരുന്നു. നഗരസഭയ്ക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനത്തിലും ഉയർന്ന തുകയായ് ഈ മേഖലയിൽ ഓരോ വർഷവും ചെലവഴിക്കുന്നത്. മാനസീക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, ആശ്രയപദ്ധതി, ഭിന്നശേഷിക്കാർക്കുള്ള ഉപകരണം, സ്ക്കൂട്ടർ എന്നിവ നടപ്പിലാക്കുന്നതോടൊപ്പം സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്ന വിവിധപദ്ധതിൾ ഈ വർഷവും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

വനിതകളുടേയും ശിശുക്കളുടേയും വികസനത്തിനായി ഓരോ വർഷവും നഗരസഭയക്ക് ലഭിക്കുന്ന പദ്ധതിവിഹിതത്തിന്റെ 15% തുക നീക്കി വയ്ക്കുന്നു. അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ പദ്ധതികൾക്ക് അനുവദനീയമായ മുഴുവൻ തുകയും ചിലവഴിച്ചിട്ടുണ്ട്. എല്ലാ വർഷവും അംഗൻവാടികളിൽ കൂടിയുള്ള പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. നഗരസഭാ പരിധിയിൽ നിലവിലുള്ള 54 അംഗൻവാടികൾ ഉള്ളതിൽ 19 എണ്ണം സ്വന്തംകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്, ബാക്കി 35 എണ്ണം ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളത് ഒരു പോരായ്മ തന്നെയാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വികസനം

തിരുവല്ല നഗരസഭയിൽ ആകെ ജനസംഖ്യയുടെ 7% പട്ടികജാതി വിഭാഗമാണ് ഇവരിൽ 80% ഇവിടെയുള്ള 37 പട്ടികജാതി സങ്കേതങ്ങളിലായി താമസിച്ചു വരുന്നു. വിദ്യാഭ്യാസം, സാംസ്ക്കാരിക രംഗത്ത് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും പട്ടികജാതി വിഭാഗത്തിന് പ്രത്യേകം അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ടി വിഭാഗത്തിന്റെ ഉന്നമനത്തിന് വേണ്ടി മാത്രമായാണ് ചെലവഴിക്കുന്നത്. വർഷം തോറും ഭൂരഹിത ഭവന രഹിത കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നു. നഗരസഭാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന പദ്ധതി പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലക്കിവരുന്നു. പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് കോളനികളുടെ റോഡ് നവീകരണം , നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു.

ആരോഗ്യം

രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് രോഗം വരാത്ത അവസ്ഥ സൃഷ്ടിക്കുന്നത് . ശാരീരികമായി രോഗമില്ലാത്ത അവസ്ഥ മാത്രമല്ല മാനസികവും സാമൂഹികവും ആത്മീയവുമായ സുഗമമായ അവസ്ഥയാണ് ആരോഗ്യം. പകർച്ചവ്യാധികൾ പടർന്ന് പിടിച്ചപ്പോഴും നമ്മുടെ നഗരസഭാ പരിധിയിൽ ഇത്തരം കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്യാത്തതിൽ നഗരസഭയ്ക്കും അഭിമാനിയ്ക്കാം. കഴിഞ്ഞ വർഷങ്ങളിൽ ആരോഗ്യ മേഖലയിൽ സമഗ്ര ഇടപെടലുകളാണ് നഗരസഭ നടത്തിയിട്ടുള്ളത്. മഴക്കാലവുമായി ബന്ധപ്പെട്ട് ആരോഗ്യമേഖലയിൽ പ്രത്യക്ഷപ്പെടുന്ന കൊതുക്, ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തിവരുന്നു.

താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുറ്റപ്പുഴ ആയുർവ്വേദാശുപത്രിയ്ക്ക് കെട്ടിടം കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കി. ഗവ. ഹോമിയോ ഹോസ്പിറ്റലിന് ആവശ്യമായ അടിസ്ഥാന സൈകര്യങ്ങൾ ലഭ്യമാക്കി, പി.എച്ച്.സി, അർബൻ പി.എച്ച്.സി, ജനകീയ ആഗോഗ്യ കേന്ദ്രം എന്നിവ സ്ഥാപിച്ചു. രോഗികൾക്ക് സൗജന്യമായി ചികിത്സ, മരുന്ന്, ചികിത്സാ ഉപകരണങ്ങൾക്കും നഗരസഭ നൽകി വരുന്നു. ഈ വർഷവും ആരോഗ്യ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്

ശുചിത്വം മാലിന്യ സംസ്ക്കരണം

നഗരസഭ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് മാലിന്യപരിപാലനം. നഗരവത്ക്കരണത്തിന്റെയും ഉപയോഗ സംസ്ക്കരണത്തിന്റെയും ഉപോല്പന്നം എന്ന നിലയിൽ മാലിന്യം ഒരു പ്രധാന ഭീഷണിയായി മാറുകയാണ്. മാലിന്യ നിർമ്മാർജനത്തിന് സ്ഥലം ഇല്ലാത്തതാണ് ഒരു പ്രധന തടസം. നഗരം മലിനമാകുന്നതിന്റെ യഥാർത്ഥ ഉത്തരവാദി നഗരവാസികൾ തന്നെയാണ്. സ്വന്തം വീട്ടിലെ മാലിന്യം മുഴുവൻ കവറുകളിലാക്കി റോഡരുകിൽ തള്ളുന്ന രീതി നഗരവാസികളുടെ ഇടയിൽ വർദ്ധിച്ചു വരുന്നു.

ഇത് ഗുരുതരമായ പരിസ്ഥിതി പ്രശ്നം ഉണ്ടാക്കും. ജനങ്ങളെ ബോധവത്ക്കരിക്കുക എന്നത് മാലിന്യ പ്രശ്നത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. തിരുവല്ല ടൗണിലെയും, മറ്റ് റോഡുകളിലേയും മാലിന്യ നിക്ഷേപം സമൂഹത്തിന്റെ ഉത്തരവാദിത്വമില്ലായ്മയാണ്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി ബോധവത്ക്കരണത്തോടൊപ്പം വീടുകളിലെ കമ്പോസ്റ്റ് കുഴി, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, ബക്കറ്റ് കംബോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ പരമാവധി സബ്സിഡിയോടു കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആഡിറ്റോറിയങ്ങൾ, ഫ്ളാറ്റുകൾ, ബഹുനിലക്കെട്ടിടങ്ങൾ, എന്നിവിടങ്ങളിൽ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ തന്നെ ബയോഗ്യാസ് പ്ലാന്റുകൾ നിർബന്ധമായും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗരസഭാ മാർക്കറ്റുകൾ, സ്ക്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ വ്യക്തികളും അല്പം ശ്രദ്ധിക്കുന്ന പക്ഷം മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലും സ്ക്കൂളുകളിലും മിനി എം.സി.എഫ്, ജൈവ/അജൈവ ബിന്നുകൾ, ബോട്ടി ബൂത്തുകൾ , എയറോബിക്ക് കംപോസ്റ്റ് യൂണിറ്റ് എന്നിവ നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസം, കല, സാംസ്കാരികം, കായിക വികസനം, യുവജന ക്ഷേമം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയമാണ്. കേവലം അറിവ് നൽകുകയെന്ന പഴയ ലക്ഷ്യമല്ല ഇന്ന് വിദ്യാഭ്യാസത്തിനുള്ളത്. മറിച്ച് സമൂഹത്തിന്റെ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യമാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ എല്ലാ തലത്തിലും ജനപങ്കാളിത്തം അനിവാര്യമാക്കിയതിനാലാണ് സർക്കാർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചില ചുമതലകൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറിയിട്ടുള്ളത്.

എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ, ഉച്ചഭക്ഷണ വിതരണം, പാഠപുസ്തക വിതരണം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, വിവിധ സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണി, കെട്ടിടനിർമ്മാണം, സ്കൂളുകൾക്ക് ആവശ്യമായ ഫർണീച്ചറുകൾ, പത്താംതരം തുല്യതാ പഠിതാക്കൾക്കുള്ള പഠനസഹായം, സ്കൂളുകൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ സ്കൂളുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം തുടങ്ങിയ പദ്ധതികൾ ക്രമമായി നടപ്പിലാക്കി വരുന്നു. എങ്കിലും സ്കൂളുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. നഗരസഭാ പരിധിയിലെ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിച്ച് നൽകി. സ്കൂളുകളെ മാത്യക സ്ക്കൂളുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

കുട്ടികളുടെ വായനാശീലവും അറിവും കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി മുനിസിപ്പൽ ലൈബ്രറിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ലൈബ്രറിയിലെ പുസ്തകങ്ങളുടേയും വിവരണങ്ങൾ കമ്പ്യൂട്ടറിൽ എൻട്രി വരുത്തി ലൈബ്രറി കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി പുതിയ പുസ്തകങ്ങൾ നഗരസഭ ലൈബ്രറിയിൽ വാങ്ങിയിട്ടുണ്ട്.

ഇൻഡ്യൻ കായികരംഗത്തെ അക്ഷയഖനിയാണ് കേരളം. എങ്കിലും സംസ്ഥാനത്ത് മറ്റ് ജില്ലകൾക്ക് പുറകിലാണ് പത്തനംതിട്ട ജില്ലയുടെ സ്ഥാനം. നിരവധി കായിക പ്രതിഭകളെ നാടിന് സംഭാവന ചെയ്തിട്ടുള്ള ജില്ലയാണ് പത്തനംതിട്ട എങ്കിലും പുതിയ തലമുറയിൽ കായിക മത്സരങ്ങളോടുള്ള പ്രവണത കുറവാണ്. കായിക വിനോദ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ക്കൂൾ തലം മുതൽ കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം. കലാകായിക വികസനത്തിന് ആവശ്യമായ പ്രോത്സാഹനം നൽകണം. ജന പങ്കാളിത്തത്തോടെ തന്നെ തിരുവല്ല പബ്ളിക് സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഒരു ഇന്റർനാഷണൽ സ്റ്റേഡിയത്തിന്റ ലെവലിൽ ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. നഗരസഭ അനുവദിച്ച സ്ഥലത്ത് കേരള ക്രിക്കറ്റ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ ഇന്റോർ സ്റ്റേഡിയം പ്രവർത്തിച്ചു വരുന്നു. പുഷ്പഗിരിക്ക് സമീപമുള്ള കുട്ടികളുടെ പാർക്ക് നവീകരിച്ച് പ്രവർത്തിച്ചുവരുന്നു. സ്വിമ്മിംഗ് പൂൾ

നിർമ്മാണം പൂർത്തീകരിച്ചെങ്കിലും എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പാർപ്പിടം

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും, ഭവനരഹിതരുമായ കുടുംബങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു. എല്ലാ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കും വീടും സ്ഥലവും ലഭ്യമാക്കി കേരളത്തെ ഭവനരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ഉത്തരവാദിത്വം കേന്ദ്ര/സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു. പ്രധാൻമന്ത്രി ആവാസ് യോജന / ലൈഫ് പദ്ധതി പ്രകാരം ഇതുവരെ നമ്മുടെ നഗരസഭയിൽ 671 ഗുണഭോക്താക്കളെ കണ്ടെത്തുകയും 669 പേർക്ക് ആദ്യഗഡുവും അതിൽ 530 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭവന നിർമ്മാണത്തിനുവേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തുന്നുണ്ട്.

കുടിവെള്ളം ജലവിതരണം

തിരുവല്ല മുനിസിപ്പൽ ഏരിയായിൽ കുടിവെള്ളം എത്തിക്കുന്നത് തിരുവല്ലയിൽ പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റി ഓഫീസ് മുഖാന്തിരം ആണെങ്കിലും മുനിസിപ്പൽ ആക്ട് പ്രകാരം ഒരു നഗര സഭയ്ക്ക് അകത്തുള്ള ജലവിതരണ പദ്ധതികളുടെ രൂപീകരണം, നടത്തിപ്പ് എന്നിവ നഗരസഭയുടെ അനിവാര്യ ചുമതലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിയുടെ ആരോഗ്യ സംരക്ഷണത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ശുദ്ധമായ കുടിവെള്ളം. നഗരസഭയുടെ മിക്ക പ്രദേശങ്ങളിലും യഥാസമയം കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കഴിയാത്തത് കൂടുതലും നഗരസഭയെ ആണ് ബാധിക്കുന്നത്. നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളായ തിരുമൂലപുരം, ഇരുവള്ളിപ്ര, ആമല്ലൂർ, കിഴക്കൻമുത്തൂർ, ചുമത്ര, വാരിക്കാട്, ആറ്റുമാലി, തുകലശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ഗാർഹീക കുടിവെള്ള പദ്ധതികൾ എന്നിവ നഗരസഭ നടപ്പിലാക്കിവരുന്നുണ്ട്. നഗരസഭാ ഫണ്ട് ഉപയോഗിച്ച് തുരുത്തുമല പാറയിൽ വാട്ടർ ടാങ്ക്, UIDSSMT കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തിരുമൂലപുരത്ത് കാളച്ചന്തയ്ക്ക് സമീപം നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച 15 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് എന്നിവ നിർമ്മിച്ചതോടുകൂടി നഗരത്തിലെ കുടിവെള്ള പ്രശ്നം ഏകദേശം പരിഹരിക്കുന്നതിന് സാധിച്ചു. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ നഗരസഭയുടെ ആഭിമുഖ്യത്തിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പൊതുമരാമത്ത് ഊർജ്ജം

സംസ്ഥാനത്തിന്റെ പ്രധാന റോഡായ എം.സി.റോഡ് തിരുവല്ല നഗരത്തിന്റെ മധ്യഭാഗത്തു കൂടി 7 കിലോമീറ്റർ കടന്നുപോകുന്നു. ഇത് കുറ്റൂർ മുതൽ പന്നിക്കുഴി പാലം വരെയാകുന്നു. കായംകുളം - തിരുവല്ല റോഡ് 3 കിലോമീറ്റർ ദൂരം പട്ടണത്തിലൂടെ കടന്നുപോകുന്നു. ജില്ലയിലെ ഏക റെയിൽവേ ലൈൻ 7 കിലോമീറ്റർ ദൂരം മുനിസിപ്പൽ പ്രദേശത്തു കൂടി കടന്നുപോകുന്നു. പൊതുവേ നാട്ടിലെ റോഡുകളും മറ്റ് പശ്ചാത്തല സൗകര്യങ്ങളുടേയും അവസ്ഥ വിലയിരുത്തിയാണ് ആ നാട്ടിൽ വികസനം എത്രത്തോളം എത്തിയിട്ടുണ്ടെന്ന് നാം മനസ്സിലാക്കുന്നത്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ മേൽനോട്ടവും അറ്റകുറ്റപ്പണിയും ഉൾപ്പെടെ നഗരവികസനത്തിന് ആവശ്യമായ എല്ലാ പദ്ധതികളും നഗരസഭ ഓരോ വർഷവും നടത്തി വരുന്നു. നഗരസഭയുടെ ഫണ്ടിന് പുറമെ നമ്മുടെ ജനപ്രിനിധികൾ കഴിവിന്റെ പരമാവധി എം.പി., എം.എൽ.എ. ഫണ്ടുകൾ റോഡിന്റെ വികസനത്തിനായി ഉപയോഗിക്കുന്നു. പശ്ചാത്തല സൗകര്യവികസനത്തിന് നഗരസഭ മുന്തിയ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും പദ്ധതികൾ ഏറ്റെടുത്ത് കരാറുകൾ പൂർത്തീകരി

ക്കുന്നതിന് കാലതാമസം വരുത്തുന്നതിന്റെ പഴി കേൾക്കേണ്ടത് നഗരസഭയും ജനപ്രതിനിധികളുമാണ്. കരാറുകാർ ഏറ്റെടുത്ത പ്രവർത്തികൾ കൃത്യസമയത്തിനുള്ളിൽ ഗുണമേന്മയോടെ ചെയ്യുന്നുണ്ടെന്ന് നാം ഉറപ്പു വരുത്തണം.

ഊർജ്ജ സംരക്ഷണത്തിന് ആവശ്യമായ പ്രാധാന്യം ഈ പദ്ധതി കാലയളവിൽ നൽകും. വൈദ്യുതി മിതമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് എൽ.ഇ.ഡി. ലൈറ്റുകൾ വ്യാപകമാക്കും. സ്ട്രീറ്റ് ലൈൻ വലിക്കുകയും, വഴി വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യും. തെരുവു വിളക്കുകളുടെ മെയിന്റനൻസ് കൃത്യമായി നടത്തും. നഗരസഭയുടെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ്/ലോമാസ്റ്റ് എന്നിവ സ്ഥാപിച്ചു. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി നിലവിലുള്ള സോഡിയം വേപ്പർ ലാമ്പുകൾ ക്രമേണ നീക്കം ചെയ്ത് തുല്യശേഷിയുള്ളതും, വൈദ്യുതി ഉപയോഗം കുറഞ്ഞതുമായ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി.

നഗരാസൂത്രണം

പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിൽ സുതാര്യമായി അഴിമതി രഹിതമായി ആത്മാർത്ഥതയോടെ ലഭ്യമാക്കുക എന്നുള്ളത് നഗരസഭയുടെ കടമയാണ്. ആയത് പൂർണ്ണ തോതിൽ കൈവരിക്കുന്നതിന് ഈ പദ്ധതി കാലയളവിൽ ശ്രമിക്കും. ജനസേവനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

നഗരസഭയുടെ ധനകാര്യ ചിത്രം വ്യക്തമാക്കുന്ന രേഖകളാണ് ബഡ്ജറ്റുകൾ. ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാസ്സാക്കണം എന്നുള്ളത് നിയമപരമായ ബാധ്യതയായതിനാൽ ഓരോ വർഷത്തെയും ബഡ്ജറ്റ് കൃത്യമായി അവതരിപ്പിക്കാറുണ്ട്. ഒരുപാട് വികസന സ്വപ്നങ്ങൾ നമുക്കുണ്ട് എങ്കിലും എല്ലാം നടപ്പാക്കുന്നതിനുള്ള വിഭവം നമുക്കില്ലാത്തതിനാൽ പൂർണ്ണമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല.

ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം അവയുടെ സംരക്ഷണം, പരിപാലനം, ഉപയോഗക്ഷമത എന്നിവ ഉറപ്പ് വരുത്തിയെങ്കിൽ മാത്രമേ ശരിയായ രീതിയിൽ ആസ്തികൾ വിനിയോഗിക്കുന്നതിന് സാധിക്കൂ. നഗരസഭ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി ആസ്തികൾ നാം ആർജ്ജിച്ചിട്ടുണ്ട്. എല്ലാ ആസ്തികളും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കേണ്ടതും നിഷ്ക്രിയമായി കിടക്കുന്നവ ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ദുരന്ത നിവാരണം

കേരളം കണ്ടെതിൽ വെച്ച് ഏറ്റവും ഭായനകമായ ദുരന്തമായിരുന്നു നമ്മൾ നേരിട്ട വെള്ള പൊക്കം. നഗരസഭയുടെ ഭാഗത്തുനിന്നും നല്ല സേവനം ജനങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും രക്ഷാ പ്രവർത്തനത്തിന് നേത്യത്വം നൽകുകയും, അവശ്യ സാധനങ്ങൾ എത്തിക്കുകയും, മാലിന്യം നിർമ്മാർജ്ജനം ചെയ്യുകയും, കുടിവെള്ളം എത്തിക്കുകയും ചെയ്തിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിനുവേണ്ട സാധന സാമഗ്രികളുടെ അഭാവം നഗരസഭ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു. അത്യാവശ്യം വേണ്ട കാര്യങ്ങളായ രക്ഷാ ബോട്ടുകൾ, മരം മുറിക്കുന്നതിനുള്ള മിഷ്യനുകൾ, ലൈഫ് ജാക്കറ്റ് എന്നിവ വാങ്ങുക. ദുരന്ത നിവാരണത്തിനായി Crisis Team, മുന്നറിപ്പ് സംവിധാനം എന്നിവ കാര്യക്ഷമമാക്കുക. നീന്തൽ കുളം നവീകരിച്ച് പരിശീലിപ്പിക്കുക. അപകടകരമായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുകയും, ഇലക്ട്രിക് പോസ്റ്റ്, ട്രാൻസ്ഫോർമാർ എന്നിവ മാറ്റി സ്ഥാപിക്കുക, കനാലുകളും തോടുകളും വ്യത്തിയാക്കുകയും ചെയ്യുക.

ബഡ്ജറ്റുകൾ

നഗരസഭയുടെ ധനകാര്യ ചിത്രം വ്യക്തമാക്കുന്ന രേഖകളാണ് ബഡ്ജറ്റുകൾ. ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാസ്സാക്കണം എന്നുള്ളത് നിയമപരമായ ബാധ്യതയായതിനാൽ ഓരോ വർഷത്തെയും ബഡ്ജറ്റ് കൃത്യമായി അവതരിപ്പിക്കാറുണ്ട്. ഒരുപാട് വികസന സ്വപ്നങ്ങൾ നമുക്കുണ്ട് എങ്കിലും എല്ലാം നടപ്പാക്കുന്നതിനുള്ള വിഭവം നമുക്കില്ലാത്തതിനാൽ പൂർണ്ണമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല.

ജനസേവനം കാര്യക്ഷമമാക്കൽ

പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിൽ സുതാര്യമായി അഴിമതി രഹിതമായി ആത്മാർത്ഥതയോടെ ലഭ്യമാക്കുക എന്നുള്ളത് നഗരസഭയുടെ കടമയാണ്. ആയത് പൂർണ്ണ തോതിൽ കൈവരിക്കുന്നതിന് ഈ പദ്ധതി കാലയളവിൽ ശ്രമിക്കും. ജനസേവനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലുള്ള അവസ്ഥ

വലിയ പ്രശ്നങ്ങളും പരാതികൾക്കും ഇടയില്ലാതെ നല്ല രീതിയിൽ സേവനം നൽകുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന് അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കേണ്ടത് തിരുവല്ലാ നിവാസികളുടെ സംസ്ക്കാരത്തിനും പാരമ്പര്യത്തിനുമാണ്. സാങ്കേതിക മികവിനെ പൂർണ്ണതയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടില്ല. നിലവിൽ ജീവനക്കാർക്ക് ഇതിന്റെ സാദ്ധ്യതകളെ പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനത്തിന്റേയും പരിചയത്തിന്റേയും അഭാവം ഉണ്ട്. മറ്റ് സർക്കാർ ഓഫീസുകളെ അപേക്ഷിച്ച് പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയാണ്. പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ പരാതികൾക്ക് ഇടകൊടുക്കാതെ നൽകുന്നതിന് നഗരസഭ കൗൺസിലേഴ്സ്, സ്റ്റാഫ് എന്നിവർ ആത്മാർത്ഥതയോടു കൂടി ശ്രമിക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് സ്ഥിരമായി നൽകുന്ന പ്രധാന സേവനങ്ങൾ

1) കെട്ടിടനിർമ്മാണ അനുമതിയും അനുബന്ധ നടപടിയും
2) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, സർട്ടിഫിക്കറ്റുകൾ
3) വിവിധ സർട്ടിഫിക്കറ്റുകൾ
4) കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്.
5) സുരക്ഷാ പെൻഷനുകൾ
6) വ്യക്തിഗത ആനുകൂല്യ വിതരണം
7) ശുചീകരണം
8) തെരുവു വിളക്കുകളുടെ പരിപാലനം
9) രേഖകൾ നൽകൽ
10) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

3. പതിനാലാം പഞ്ചവത്സര പദ്ധതി അവലോകനം

പൊതുഭരണവും ധനകാര്യവും

മുൻകാലങ്ങളിൽ മാത്യക / വിജയം കൈവരിച്ച പ്രോജക്ടുകൾ

ക്രമ നമ്പർ	മേഖല / ഉപമേഖല	പ്രോജക്ടിന്റെ പേര്	Gen/ SCP/ TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ / നിഗമനങ്ങൾ തുടങ്ങിയവ
1	പശ്ചാത്തല മേഖല	തിരുവല്ല നഗരസഭയിൽ സൌരോർജ്ജ പ്ലാന്റ് വാങ്ങി സ്ഥാപിക്കൽ	Gen	1243000	ഇലക്ട്രിസിറ്റി ഉപയോഗം കുറക്കാൻ സാധിച്ചു	ഇലക്ട്രിസിറ്റി ഉപയോഗം കുറക്കാൻസാധിച്ചു	ഇലക്ട്രിസിറ്റി ഉപയോഗം കുറഞ്ഞു
2	പശ്ചാത്തല മേഖല	നഗരസഭയിൽ വിവിധ വിഭാഗത്തിലേക്ക് കംപ്യൂട്ടർ വാങ്ങൽ	Gen	412590	ഓഫീസ് സമ്പൂർണ്ണ കംപ്യൂട്ടർ വത്ക്കരണം	ഓഫീസ് സമ്പൂർണ്ണ കംപ്യൂട്ടർ വത്ക്കരണം	സേവനങ്ങൾ മെച്ചപ്പെട്ടു
3	പശ്ചാത്തല മേഖല	നഗരസഭാ കാര്യാലയത്തിൽ ക്യൂബിക്കിൾ സ്ഥാപിക്കൽ	Gen	1700000	ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക	ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെട്ടു	ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെട്ടു

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത പ്രോജക്ടുകൾ

തദ്ദേശ സ്ഥാപനത്തിന്റെ പേര് : തിരുവല്ല നഗരസഭ

വർക്കിംഗ് ഗ്രൂപ്പ് : പൊതുഭരണം ധനകാര്യം

ക്രമ നമ്പർ	മേഖല / ഉപമേഖല	പ്രോജക്ടിന്റെ പേര്	Gen/ SCP/ TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം)	ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ / നിഗമനങ്ങൾ	കൂടുതല് പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ
		NIL						

കൃഷി/മത്സ്യബന്ധനം അനുബന്ധ മേഖലകളും

മുൻകാലങ്ങളിൽ മാത്യക / വിജയം കൈവരിച്ച പ്രോജക്ടുകൾ

